# ST. JOHNS L.P.S
# CHAMAKALA

## 2025 - 2026

# അക്കാദമിക
# മാസ്റ്റർ
# പ്ലാൻ

# ആമുഖം.

അക്കാദമിക മികവിലൂടെ വിദ്യാലയ മികവ് എന്ന ലക്ഷ്യത്തിലൂന്നിയുള്ളതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. വിദ്യാലയത്തിന്റെ ഭൗതികവും അക്കാദമികവുമായ നിലവാരം മെച്ചപ്പെടുത്തി കുട്ടികളേയും സമൂഹത്തെയും വിദ്യാലയത്തോട് കൂടുതൽ അടുപ്പിക്കുക, പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും കുട്ടികളുടെ സൃഷ്ടിപരവും സർഗ്ഗപരവുമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിലുള്ള സമഗ്രവികസനമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ കൊണ്ട് ലക്ഷ്യമിടുന്നത്. ഇങ്ങനെ ഒരു സ്ഥാപനത്തിലെ എല്ലാ കുട്ടികളുടെയും അക്കാദമിക മാസ്റ്റർ പ്ലാൻ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ സുപ്രധാന രേഖയാണ്. P.T.A, S.M.C, പഞ്ചായത്ത്, പൂർവ്വ വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ എന്നിവരുടെ സഹകരണത്തോടെ സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തി കുട്ടികളെ വിദ്യാലയങ്ങളിലേയ്ക്ക് ആകർഷിച്ച് നല്ല വിദ്യാഭ്യാസം നൽകി അവരെ ഉത്തമ പൗരൻമാരായി വാർത്തെടുക്കുവാൻ ഈ പദ്ധതിയ്ക്ക് കഴിയണം

# PROFILE

| | | |
|---|---|---|
| NAME OF SCHOOL | : | ST. JOHNS LPS CHAMAKALA |
| PANCHAYATH | : | MANJOOR GRAMA PANCHAYATH |
| WARD NO. | : | XIII |
| CRC | : | MEMURY |
| BLOCK | : | UZHAVOOR |
| SUB DISTRICT | : | KURAVILANGADU |
| BRC | : | KURAVILANGADU |
| DISTRICT | : | KOTTAYAM. |
| NAME OF H.M | : | MERCY.K.C |
| MOBILE NO. | : | 9447989494 |

# സ്കൂൾ ചരിത്രം.

കോട്ടയം ജില്ലയിലെ മാഞ്ഞൂർ പഞ്ചായത്തിൽ 13-ാം വാർഡിൽ ഈ സ്കൂൾ സ്ഥിതി ചെയ്യുന്നു. കാർഷിക മേഖലയെ ആശ്രയിച്ചു കഴിഞ്ഞിരുന്ന ദരിദ്രരായ കർഷകർക്ക് അക്ഷരാഭ്യാസം നൽകി അറിവിന്റെ ലോകത്തേയ്ക്ക് കൈപിടിച്ചുയർത്തുവാൻ ശ്രമിച്ചു. കല്ലിടുക്കിൽ ശ്രീ ഇട്ടിക്കുഞ്ഞ് കുരുവിള സൗജന്യമായി നൽകിയ സ്ഥലത്ത് 1918 ൽ അഭിവന്ദ്യ ചൂളപറമ്പിൽ തിരുമേനിയുടെ അനുഗ്രഹാശിസുകളോടെ ഒന്നും രണ്ടും ക്ലാസുകൾ ആരംഭിച്ചു. അന്ന് സ്കൂൾ മാനേജർ കട്ടപ്പുറത്ത് ബഹുമാനപ്പെട്ട ജോസഫ് അച്ചനും ലോക്കൽ മാനേജർ മൈത്തിൽ ബഹുമാനപ്പെട്ട യോഹന്നാൻ ആയിരുന്നു. നമ്പ്യാർമഠത്തിൽ ശ്രീ. ഗോപാലപിള്ളയായിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. 1993 ൽ ഈ സ്കൂളിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിച്ചു. 2017 ഫെബ്രുവരിയിൽ ശതാബ്ദി ആഘോഷത്തിന് തുടക്കം കുറിച്ചു. ഈ പ്രദേശത്തിന് സാമ്പത്തിക സാംസ്കാരിക മേഖലയിൽ ഉണ്ടായ വളർച്ചയ്ക്ക് ഈ സ്ഥാപനം വഹിച്ച പങ്ക് വളരെ വലുതാണ്. 2018 ൽ ഈ കെട്ടിടം പുതുക്കിപ്പണിത് പ്രവർത്തനം ആരംഭിച്ചു.

## അധ്യാപകർ നിലവിലെ അവസ്ഥ

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ | താൽകാലിക നിയമനം |
|---|---|---|---|
| എൽ.പി | 5 | 2 | 3 |
| യു.പി | | | |
| | | | |

ഷീല എം.കെ: H.M

ഷിജി അബ്രഹാം: L.P.S.A

ബിനി. കെ. ബാബു : L.P.S.A (Daily wage)

സ്റ്റെഫിന സാബു : L.P.S.A (Daily wage)

മെൽവിൻ സജി : L.P.S.A (Daily wage)

Department ഉം SSA യും നൽകുന്ന എല്ലാ പരിശീലന പരുപാടിയിലും കൃത്യമായി അധ്യാപകർ പങ്കെടുക്കുകയും കുട്ടികളുടെ സമഗ്രവളർച്ചയ്ക്ക് കഠിനമായി പരിശ്രമിക്കുകയും ചെയ്യുന്നു.

2025 - 2026 അധ്യായന വർഷത്തിൽ ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ എണ്ണം:

| Class | Boys | Girls | Total |
|---|---|---|---|
| I | 3 | 7 | 10 |
| II | 4 | 5 | 9 |
| III | 8 | 5 | 13 |
| IV | 3 | 9 | 12 |
| V | 8 | 2 | 10 |
| | 26 | 28 | 54 |

# വിദ്യാഭ്യാസ പ്രവർത്തനം സുഗമമാക്കുവാൻ നിലവിലെ സംവിധാനം

## SRG

ആഴ്ചയിൽ ഒരിക്കൽ SRG മീറ്റിംഗ് നടത്തി ഓരോ ക്ലാസിലെയും പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് പോരായ്മകൾ പരിഹരിക്കുന്നു. മികവുകൾ പ്രത്യേകം രേഖപ്പെടുത്തുന്നു. ദിനാചരണങ്ങൾക്കുള്ള പ്ലാൻ തയ്യാറാക്കുന്നു. പഠിപ്പിക്കുന്ന നൽകേണ്ടതിനെക്കുറിച്ച് ചർച്ച ചെയ്ത് പ്ലാൻ തയ്യാറാക്കുന്നു. Learning teaching materials തയ്യാറാക്കുന്നതിനു പരസ്പരം സഹായിക്കുന്നു.

## LAB, LIBRARY

ഓരോ വർഷത്തെയും SSA യുടെ T.G, S.G ഉപയോഗിച്ച് മാത്സ്, സയൻസ് തുടങ്ങിയവയ്ക്കുള്ള പഠനോപകരണങ്ങൾ വാങ്ങുന്നു. കുട്ടികൾക്ക് ഇവ എടുക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും അവസരം നൽകുന്നു.

## COMPUTER

എല്ലാ ക്ലാസുകളിലെയും കുട്ടികളെ കമ്പ്യൂട്ടർ ലാബുകളിൽ കൊണ്ടുപോകുകയും IT അധിഷ്ഠിത വിദ്യാഭ്യാസം നൽകുകയും ചെയ്യുന്നു. CD ഇട്ടും അല്ലാതെയും പാഠഭാഗങ്ങൾ അവതരിപ്പിക്കുന്നു. കമ്പ്യൂട്ടർ നല്ലവണ്ണം കൈകാര്യം ചെയ്യുവാൻ അവരെ പരിശീലിപ്പിക്കുന്നു

PTA, MPTA

സ്കൂളിലെ ദൈനംദിന പ്രവർത്തന

ദിനാചരണങ്ങൾ ആഘോഷങ്ങൾ, ശുചീകര

ണങ്ങൾ, ഉച്ചഭക്ഷണ വിതരണം ഇവയിൽ

PTA / MPTA സഹകരിച്ച് പ്രവർത്തിക്കുന്നു.

# വെല്ലുവിളികൾ

## സാമൂഹികം

1. പൊതുവിദ്യാലയങ്ങളെക്കുറിച്ചുള്ള തെറ്റായ ധാരണ ഇംഗ്ലീഷ് മീഡിയം സ്കൂളുകളെക്കുറിച്ചുള്ള മിഥ്യാധാരണ.
2. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ധനാത്മകമായി ഇടപെടുന്നതിന് രക്ഷിതാക്കൾ, സാമൂഹ്യ പ്രവർത്തകർ, തുടങ്ങിയവർക്ക് ശരിയായ ബോധ്യമില്ലായ്മ.
3. ഭിന്നശേഷിക്കാർക്ക് നിലവിലുള്ള നിയമപരിരക്ഷയെക്കുറിച്ച് ധാരണയില്ലായ്മ.
4. P.T.A, പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക സംഘടന, പൊതുജനങ്ങൾ തുടങ്ങിയവയുടെ സാധ്യതകൾ ശരിയായി വിനിയോഗിക്കുന്നില്ല.
5. പ്രാദേശിക പ്രതിഭകളുടെ സഹായം ഉറപ്പാക്കുന്നില്ല. ല്ല .
6. സഹജീവികളോട് അനുഭാവം ഉണ്ടാകുന്നില്ല .
7. കലാസാംസ്കാരിക പ്രവർത്തനങ്ങളെ സംബന്ധിച്ച് ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കൾക്കും കുട്ടികൾക്കും ഇല്ല

## വികസനപ്രവർത്തനം മുൻഗണനാക്രമം അനുസരിച്ച്

### ഭൗതികം

1. Construction of New School building.
2. Construction of Play Ground.
3. Compound wall complete ചെയ്യൽ
4. Reading room / School Library.
5. School beautification.
6. Construction of new kitchen.
7. Construction of football court.
8. Construction of Echo park.

### അക്കാദമികം.

1. പിന്നോക്കക്കാർക്ക് വായന, ഗണിത ക്രിയകൾ, ലേഖനം ഇവയിൽ പരിശീലനം നൽകുക, Module തയ്യാറാക്കുക.
2. ഭാഷാകഴിവുകൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക പ്രവർത്തനങ്ങളായ മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ശ്രദ്ധ ഇവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നു.
3. ഒന്നാം ക്ലാസ് ഒന്നാംതരം
4. Spoken English ന് പരമാവധി പ്രാധാന്യം നൽകുന്നു.
5. IT ഉപയോഗിച്ചുള്ള പഠനത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നു.
6. ഗണിതലാബ്, ശാസ്ത്രലാബ് മെച്ചപ്പെടുത്തൽ.

7. കലാകായിക പ്രവർത്തനങ്ങളുടെ മികച്ച പരിശീലനം
8 ഗണിതലാബ്, ശാസ്ത്രലാബ് മെച്ചപ്പെടുത്തൽ
9. സഹവാസ ക്യാമ്പുകൾ സംഘടിപ്പിക്കൽ.
10. ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി കൂടുതൽ വിപുലമാക്കുക.

## <u>സാമൂഹികം</u>

* കോർണർ P.T.A
* ബോധവത്ക്കരണ ക്ലാസുകൾ
* കൗൺസിലിംഗ്
* അമ്മമാർക്കും ലൈബ്രറിയിൽ അംഗത്വം.

# മലയാളത്തിളക്കം

അക്ഷരങ്ങളും ചിഹ്നങ്ങളും ഉറയ്ക്കാത്ത കുട്ടികളെ എഴുതാനും വായിക്കാനും പഠിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ അധിക പരിശീലനം നൽകുന്നതിന്റെ ഭാഗമായി എല്ലാ ദിവസവും പ്രത്യേക പരിശീലനം നൽകും. അക്ഷരങ്ങൾ എഴുതുവാൻ കൂടുതൽ താൽപര്യങ്ങൾ ഉണ്ടാകുന്നതിനായി വായുവിലും, മേശയിലും, മണലിലും വിരലുകൾ കൊണ്ട് എഴുതിക്കുന്നു. അക്ഷരങ്ങളിലൂടെ ഉചിതമായ അക്ഷരങ്ങൾ ചേർത്തു വച്ച് വാക്കുകൾ നിർമ്മിക്കും. അക്ഷരങ്ങൾക്ക് നിറം നൽകൽ, മണൽ, മഞ്ചാടിമുത്തുകൾ ഇവ ഉപയോഗിച്ച് അക്ഷരങ്ങൾ-ങ്ങൾ നിർമ്മിക്കുന്നു. പത്രമാസികകളിൽ നിന്നും അക്ഷരങ്ങ-ളും വാക്കുകളും കണ്ടെത്തി വായിക്കുന്നു. തലക്കെട്ടുകൾ വായിപ്പിക്കുന്നു. ഇവരുടെ നിലവാരത്തിന് യോജിച്ച് ലൈബ്ര-റി പുസ്തകങ്ങൾ വായിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യും. Work sheet കൾ തയ്യാറാക്കി പ്രവർത്തനങ്ങൾ ചെയ്യിക്കും.

# Hello - English.

English പഠനത്തിന് കൂടുതൽ പ്രാധാന്യം നൽകി കുട്ടികൾക്ക് ഇംഗ്ലീഷ് നന്നായി സംസാരിക്കുവാനും എഴുതുവാനും വായിക്കുന്നതിനും പരിശീലനം നൽകുന്ന ഒരു പദ്ധതിയാണ് Hello-English Program. ICT സാധ്യതാ പരമാവധി പ്രയോജനപ്പെടുത്തി English Conversation കേൾക്കുന്നതിന് അവസരം ഒരുക്കി അവ സ്വായത്തമാക്കുന്നതിനാവശ്യമായ പരിശീലനം നൽകുന്നു. ദിവസവും അഞ്ച് വാക്കുകൾ കണ്ടെത്തി അവ ഹൃദിസ്ഥമാക്കുവാൻ സഹായിക്കുന്നു, സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ലളിതമായ വാക്യങ്ങൾ പരിശീലിപ്പിക്കുന്നു.

English action songs- role play, story reading തുടങ്ങിയവയ്ക്ക് ലഭ്യമാകുന്ന സമയം പ്രയോജനപ്പെടുത്തും. English grammer ലളിതമായി പരിശീലിപ്പിക്കുന്നു. മുന്നോക്കം നിൽക്കുന്ന കുട്ടികളെക്കൊണ്ട് പിന്നോക്കക്കാരുടെ പഠനത്തിന് സഹായിക്കുന്നു.

ഇതിനുവേണ്ട Worksheet അധ്യാപകർ മുൻകൂട്ടി തയ്യാറാക്കുന്നു. അധ്യാപകരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ Hello- English Program വിജയത്തിൽ എത്തിക്കുന്നു.

# ശ്രദ്ധ പദ്ധതി.

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന എല്ലാ കുട്ടികളേയും കണ്ടെത്തി അവരെ കൂടി മുന്നോക്കക്കാരാക്കി മാറ്റുന്നതിനുള്ള പദ്ധതിയാണ് ശ്രദ്ധ. Pre-test നടത്തി ഓരോ ക്ലാസിലെയും പിന്നോക്കക്കാരെ കണ്ടെത്തുന്നു. തുടർന്ന് അതത് വിഷയത്തിനും അതാത് വിഷയം പഠിപ്പിക്കുന്ന അധ്യാപകരുടെയും മറ്റ് അധ്യാപകരുടെയും സഹായത്താൽ ദിവസവും 1 മണിക്കൂർ ഈ കുട്ടികളുടെ പഠനനിലവാരം ഉയർത്താൻ നീക്കി വയ്ക്കുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്യുന്നു. ഓരോ മാസത്തിലും കുട്ടികളുടെ പഠനനില പരിശോധിക്കുകയും വേണ്ട ക്രമീകരണങ്ങൾ നടത്തുകയും ചെയ്യുന്നു. ഇതിന് വേണ്ടി ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും അധ്യാപകരുടെ നേതൃത്വത്തിൽ പ്രത്യേകം wook sheet കൾ തയ്യാറാക്കി ഈ കുട്ടികൾക്ക് നൽകുന്നു. SRG യിൽ ഈ കുട്ടികളുടെ പഠനനിലവാര പുരോഗതി ചർച്ച ചെയ്യുകയും ചെയ്യുന്നു.

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളെയും മാതാപിതാക്കളെയും സ്കൂളിലേയ്ക്ക് ആകർഷിക്കുക. | 1) അടച്ചുറപ്പുള്ള പുതിയ ക്ലാസ്മുറികൾ (10 എണ്ണം) | 2018 – 2020 | മാനേജ്മെന്റ്, പൂർവ്വ വിദ്യാർത്ഥികൾ P.T.A കമ്മറ്റി. | മാനേജ്മെന്റ് & പൂർവ്വ വിദ്യാർത്ഥി ഫണ്ട് 65 ലക്ഷം |
| | കൂടിയ പുതിയ സ്കൂൾ കെട്ടിടം | 2020 – 2021 | | 1 ലക്ഷം |
| | പണിയുന്നു. | 2018 – 2025 | മാനേജ്മെന്റ് & | 50,000 |
| | ② ഗ്രൗണ്ട് വികസിപ്പിക്കൽ | | P.T.A കമ്മറ്റി. | |
| | ③ ജൈവവൈവിധ്യപാർക്ക് ഒരുക്കൽ. | 2020 – 2021 | " | 1 ലക്ഷം |
| | ④ Furniture വാങ്ങൽ | 2018 – 2025 | " | MLA, MP Fund 1ലക്ഷം |
| | ⑤ Smart class room ഒരുക്കൽ | 2020 – 2021 | " | 25000 |
| | ⑥ Library room. | 2018 – 2024 | " | SSA Fund 20000 |
| | ⑦ School beautification | | " | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല |
| --- | --- | --- | --- |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | എഴുത്തുകൂട്ടം രൂപീകരണം<br>വായനാക്കുറിപ്പ് തയ്യാറാക്കൽ.<br>ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>മാഗസിൻ, ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ | 1 വർഷം | Class Teachers<br>PTA |

## മേഖല : സാമൂഹികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതലകൾ |
|---|---|---|---|
| സമൂഹത്തെ സ്ഥാപനങ്ങളുമായി അടുപ്പിക്കുന്നു | ജനറൽ P.T.A | ഓരോ ടേമിലും 1 പ്രാവശ്യം | H.M. Teachers |
| | അമ്മയ്ക്കും വഴിക്കാം | 1 വർഷം | Class Teacher |
| | Family quiz മത്സരങ്ങൾ | ഒക്ടോബർ | Teachers |
| | കൗൺസിലിംഗ് and ബോധവത്ക്കരണ ക്ലാസ് | 1 വർഷത്തിൽ 2 പ്രാവശ്യം | H.M. |
| | രക്ഷിതാക്കൾക്കും കലാകായിക മത്സരങ്ങൾ | ജനുവരി | Sports Club. |
| | പാഠ്യേതര പ്രവർത്തനങ്ങളിൽ മാതാപിതാക്കളുടെ പങ്കാളിത്തം | 1 വർഷം | H.M |
| | കുട്ടികളുടെ ഭവനം സന്ദർശിക്കൽ. | വർഷത്തിൽ 2 പ്രാവശ്യം | All Teachers. |

മേഖല - അക്കാദമികം

ഉപമേഖല - മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സഹായം |
|---|---|---|---|---|
| കുട്ടികളുടെ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക | പ്രീ-ടെസ്റ്റ് നടത്തൽ<br>അക്ഷരങ്ങൾ ഉറപ്പിക്കൽ<br>ചിഹ്നങ്ങൾ ഉറപ്പിക്കൽ അക്ഷരക്കാർഡ് നൽകൽ. വാക്കുകളുടെ നിർമ്മാണം<br>വാക്യങ്ങൾ നിർമ്മിക്കൽ<br>വിശകലനം | ജൂൺ<br>ജൂലൈ-ആഗസ്റ്റ്<br>സെപ്തംബർ | ക്ലാസ് ടീച്ചർ<br>മലയാളത്തിലുള്ള പരിശീലനം ലഭിച്ച ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | ചുമതല |
| --- | --- | --- | --- | --- |
| കുട്ടികളെ മികച്ച വായനക്കാരാക്കുക | 1) ക്ലാസ് വായനക്കൂട്ടം<br>2) വായനമൂല<br>3) ക്ലാസ് ലൈബ്രറി രൂപീകരണം.<br>4) വായനോത്സവം സംഘടിപ്പിക്കൽ<br>5) പത്രവായന<br>6) പുസ്തകചർച്ച<br>7) വായനാക്കുറിപ്പ് തയ്യാറാക്കൽ<br>8) ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>9) വായനാനുഭവങ്ങൾ പങ്കുവയ്ക്കൽ<br>10) വായനാ മത്സരങ്ങൾ<br>11) അസംബ്ലിയിൽ പത്രവാർത്ത വായിക്കൽ | 1 വർഷം | ക്ലാസ് ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ | ക്ലാസ് ടീച്ചർ<br>P.T.A |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഫണ്ട് |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് ഭാഷ എല്ലാ കുട്ടികൾക്കും വായിക്കാനും എഴുതാനും സംസാരിക്കാനും ശേഷി വർദ്ധിപ്പിക്കുക. | * കുട്ടികൾ ഇപ്പോൾ ഏത് അവസ്ഥയിൽ എന്ന് കണ്ടെത്താൻ Pre-test നടത്തുന്നു. Test result വിശകലനം ചെയ്ത് മികവുകളും പരിമിതികളും | ജൂൺ - ജൂലൈ | English Teacher | SSA<br>PTA |
| | കണ്ടെത്തി പോരായ്മ പരിഹരിക്കൽ പ്രവർത്തനം നൽകുന്നു. | ജൂലൈ | SRG<br>English teacher<br>HeadMaster | " |
| | * പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ | ആഴ്ചയിൽ രണ്ട് ദിവസം<br>മാസത്തിൽ 1 ദിവസം | All teachers<br>Class teacher | "<br>SSA |
| | * Hello-English Program<br>* English Cultural Activity.<br>* English Library books reading | ആഴ്ചയിൽ 2 ദിവസം | All teacher | PTA |

ഉപമേഖല : പരിസരപഠനം

മേഖല : അക്കാദമികം

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ | സമയം | ചുമതലകൾ |
|---|---|---|---|
| കുട്ടികളിൽ കൗതുകം, ജിജ്ഞാസ നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക. | ചുറ്റുപാടുകൾ നിരീക്ഷിക്കൽ സസ്യങ്ങൾ, ജന്തുക്കൾ, പക്ഷികൾ കൃഷിസ്ഥലങ്ങൾ, വയൽ, തോട് etc നിരീക്ഷിക്കുന്നു. നിരീക്ഷണ കുറിപ്പ് തയ്യാറാക്കുന്നു. | | ക്ലാസ് ടീച്ചർ. |
| ചുറ്റുപാടുകളെ ശാസ്ത്രീയമായി നിരീക്ഷിച്ച് താരതമ്യം ചെയ്യുന്നു. | ചുറ്റുപാടിൽ നിന്നും നിരീക്ഷിച്ച് കണ്ടെത്തിയ വസ്തുതകളെ താരതമ്യം ചെയ്ത് സവിശേഷ വ്യത്യാസങ്ങൾ കണ്ടെത്തുന്നു- | | ക്ലാസ് ടീച്ചർ |
| ശാസ്ത്രീയ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ശരിയായ രീതിയിൽ വർഗ്ഗീകരിക്കൽ | ചുറ്റുപാടിൽ നിന്നും കണ്ടെത്തിയ വസ്തുക്കളെ സവിശേഷതകൾ പ്രത്യേകതകൾ അനുസരിച്ച് ഗ്രൂപ്പുകളാക്കുന്നു. മാനദണ്ഡങ്ങൾ വ്യക്തമാക്കുന്നു. | | ക്ലാസ് ടീച്ചർ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല |
| --- | --- | --- | --- |
| നിരന്തരമായ അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തുന്നു. | സർവ്വേ നടത്തുക. വീടുകൾ, കിണർ, കൃഷിസ്ഥലങ്ങൾ തോടുകൾ, വയൽ, വീടും പരിസരവും സ്കൂളും പരിസരവും | | Teacher, രക്ഷിതാക്കൾ |
| ശാസ്ത്രീയ പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു, നിഗമനങ്ങൾ രൂപീകരിക്കുന്നു. | മണ്ണിൽ വായുവിന്റെ സാന്നിധ്യം കണ്ടെത്തൽ, വെള്ളം ശുദ്ധീകരിക്കൽ, സസ്യങ്ങളുടെ വളർച്ച, വിത്തുമുളപ്പിക്കൽ, മഷിത്തണ്ട് പൊടിയുടെ പരീക്ഷണം etc. | | |
| പ്രകൃതിയോട് ഇണങ്ങി ചേർന്ന് പ്രവർത്തിക്കുന്നതിനുള്ള മനോഭാവം കുട്ടികളിൽ വളർത്തുക | field trip<br>ശാസ്ത്ര ക്വിസ്<br>Exhibition<br>പരിസ്ഥിതി സംരക്ഷണ പരിപാടികൾ, ജൈവവൈവിധ്യപാർക്ക് നിർമ്മാണം. | 1 year | H.M<br>Teachers<br>P.T.A. |

| Aim | | | | |
|---|---|---|---|---|
| ഗണിതത്തോട് താത്പര്യം ജനിപ്പിക്കൽ | ഗണിതശാസ്ത്രജ്ഞൻമാരെ പരിചയപ്പെടുത്തൽ | July മുതൽ | CD, Computer | BRC Teachers |
| | ഗണിത ക്വിസ് Competition. | July മുതൽ | ആനുകാലിക പ്രസിദ്ധീകരണങ്ങൾ ലൈബ്രറി | |
| | ഗണിത കോർണർ (ക്ലാസ് തലം) | Sep - oct | | BRC teachers |
| | ഗണിത ശില്പശാല പഠനോപകരണ നിർമ്മാണം. വിവിധ ഗണിത കളികൾ. | June മുതൽ | | |
| | | June മുതൽ | Library. | |
| | ഗണിത കോർണർ (സ്കൂൾ തലം) | മാസത്തിൽ ഒന്ന് | ഗണിത ക്ലബ്ബ് | Teachers PTA |
| | ഗണിത പുസ്തകശേഖരണം. | | | |
| | വിവിധ ഗണിതാംശം സൂചിപ്പിക്കുന്ന പാഠങ്ങൾ. | മാസത്തിൽ ഒരിക്കൽ | ലൈബ്രറി | Teachers PTA |
| | പതിപ്പ് തയ്യാറാക്കൽ | July മുതൽ | Computer | PTA |
| | ഗണിത ക്വിസ്. | | | PTA |
| | ഗണിത work sheets. | June മുതൽ | | PTA BRC. |

| Aim | Activity | Duration | Physical | Support. |
| --- | --- | --- | --- | --- |
| സംഖ്യാബോധം ഉറപ്പിക്കുന്നതിന് | Pretest (ഓരോ ക്ലാസിൽ വെവ്വേറെ തയാറാക്കി) | June | CD Computer | PTA teachers |
| | ഗണിത ക്ലബ് (School തലം) ചാർട്ടുകൾ, സംഖ്യാ കാർഡുകൾ, സംഖ്യാ ഗാനങ്ങൾ | June മുതൽ | Computer | |
| | കലണ്ടർ ഗണിതം. | June മുതൽ കലണ്ടർ | | PTA teachers |
| | സംഖ്യാപാറ്റേൺ, സംഖ്യാശ്രേണികൾ ഗണിത ശില്പശാല സ്ഥാനവിലയനുസരിച്ച് എഴുതൽ, സ്ഥാനവില packet, ഗണിത പാറ്റേൺ. | June Computer Internet | കലണ്ടർ | Teachers PTA BRC |
| ചതുഷ്ക്രിയകൾ സ്വായത്തമാക്കുന്നതിന് | പതിപ്പ് പ്രദർശനം ഗണിത പുസ്തകശേഖരണം ഗണിത കളികൾ (പാമ്പും കോണി) ഗണിത മേളകൾ Geometry, മാന്ത്രികചതുരം etc. പരിചയപ്പെടുത്തുന്നതിന് | June മുതൽ Library | Library | BRC teachers PTA. |